പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4427 19.10.2011-ൽ മറുപടിയ്ക്ക്

## മൃഗാശുപത്രികൾക്ക് കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ : | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ; | (എ) | അനുവദിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ എത്ര മൃഗാശുപത്രികൾക്ക്, എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | കന്നുകാലികളുടെ കൃത്രിമ ബീജദാനസൗകര്യം കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | കർഷകർക്ക് തങ്ങളുടെ വീട്ടുപടിക്കൽ കൃത്രിമ ബീജാധാനസൗകര്യം എത്തിച്ചു കൊടുക്കുന്നതിനായി മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ യൂണിറ്റുകൾ, "ഒരു പൈലറ്റ് പ്രോജക്ടായി" നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 25 കൃത്രിമ ബീജാധാന ഉപകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും, അവിടെ മൊബൈൽ സൗകര്യം ഏർപ്പെടുത്തുന്നതിനായി 2010-2011 സാമ്പത്തിക വർഷം തുക വകയിരുത്തുകയും, അതിന് ആവശ്യമായ ഉപകരണങ്ങൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് മുഖേന വിതരണം നടത്തി വരുകയും ചെയ്യുന്നു. കൂടാതെ വരുംവർഷങ്ങളിൽ കൂടുതൽ ജില്ലകളിലേയ്ക്ക് പ്രസ്തുത മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ